**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4451** **01-07-2024 - ൽ മറുപടിയ്ക്ക്**

**സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2023-ലെ വ്യവസായ നയപ്രകാരം സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കു ന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വ്യവസായ നയം 2023 പ്രഖ്യാപിക്കുകയു ണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാസഹായം Capital subsidiary Incentive, Investment subsidy തുടങ്ങിയവ ഉൾപ്പെടുന്ന സബ്സിഡികൾ ആണ് ഈ പദ്ധതിയിൽ ഉള്ളത്. |
| (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയിൽ വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഈയിനത്തിൽ നൽകിയ വായ്പകളുടെ വിവരങ്ങൾ നൽകാമോ; | (ബി) | വ്യവസായ നയം 2023 പ്രകാരം സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയിൽ വായ്പ നൽകുന്നതിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, ബാങ്ക് വായ്പ എടുത്തു 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കു ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ലോൺ തുകക്ക് യൂണിറ്റ് ആരംഭിച്ച തീയതി മുതൽ 5 വർഷം വരെ പദ്ധതി നിബന്ധനകൾക്ക് വിധേയമായി പലിശ സബ്സിഡി നൽകുന്നതിന് "ഒരു കുടുംബം ഒരു സംരംഭം" എന്ന പദ്ധതി പ്രഖ്യാപിച്ച സാഹചര്യത്തിൽ ടി പദ്ധതി പ്രകാരം സംരംഭങ്ങൾക്ക് ആനുകൂല്യം നൽകി വരുന്നു.<br><br>ടി പദ്ധതി പ്രകാരം ആനുകൂല്യം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | അപേക്ഷകരുടെ എണ്ണം | അനുവദിച്ച പലിശ സബ്സിഡി തുക (രൂപ) |
|---|---|---|
| 2022-23 | 308 | 42,03,737/- |
| 2023-24 | 1878 | 2,56,01,838/- |

| | | | |
|---|---|---|---|
| | | | ആകെ \| 2186 \| 2,98,05,575/- |
| (സി) | ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡിൽ വിപണനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനും സഹായിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി യാണ് കേരള ബ്രാൻഡ്. പദ്ധതിയുടെ പൊതു വായ മാനദണ്ഡങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് തെരഞ്ഞെടുത്തി രിക്കുന്നത്. വെളിച്ചെണ്ണ നിർമ്മാണ സ്ഥാപനങ്ങൾക്ക് കേരളാ ബ്രാൻഡ് നൽകുന്നതിന് അവ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംസ്ഥാന തലത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br><u>വെളിച്ചെണ്ണയ്ക്ക് കേരള ബ്രാൻഡ് നൽകുന്നതിനുള്ള മാനദണ്ഡം</u><br><br>പൂർണമായും കേരളത്തിൽ നിന്നും സംഭരിക്കുന്ന നാളികേരം/ കൊപ്ര മാത്രം ഉപയോഗിച്ച് കൊണ്ട്, കേരളത്തിൽ തന്നെ നിർമ്മിക്കുന്ന വെളിച്ചെണ്ണയാണ് കേരളബ്രാൻഡ് നൽകുന്നതിനായി പരിഗണിക്കുന്നത്. വെളിച്ചെണ്ണ വിപണിയിൽ അംഗീകൃതമായ AGMARK, BIS 542, എന്നീ സർട്ടിഫിക്കേഷനുകളിൽ ഏതെങ്കിലും ഒന്നുള്ള, UDYAM റെജിസ്ട്രേഷൻ എടുത്തിട്ടുള്ള കേരളത്തിലെ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളെയാണ് കേരള ബ്രാൻഡ് നൽകുന്നതി നായി പരിഗണിക്കുക. മേൽ പറഞ്ഞ വ്യവസ്ഥകൾ കൂടാതെ, കേരള ബ്രാൻഡിന് അപേക്ഷിക്കുന്ന എല്ലാ യൂണിറ്റുകളും കേരള ബ്രാൻഡിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവ ആയിരിക്കണം. ഇത്തരത്തിൽ ഉള്ള ഒരു സ്വയം-സാക്ഷ്യപത്രം അവർ അപേക്ഷയുടെ കൂടെ സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി ഇത് നേരിട്ട് പരിശോധിച്ചു ഉറപ്പു വരുത്തുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായുള്ള സമിതി അംഗീകരിക്കുകയും ചെയ്യും.<br><br><u>മറ്റു ഉത്പന്നങ്ങൾക്കോ സേവനങ്ങൾക്കോ കേരള ബ്രാൻഡ് നൽകുന്നതിനുള്ള മാനണ്ഡം</u><br><br>ഏതൊരു വകുപ്പിനും/ഏജൻസിക്കും അതിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പുകൾ നിർദ്ദേശിക്കുന്ന ഉൽപ്പന്നങ്ങൾ/സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന തല ഇന്റർ-ഡിസിപ്ലിനറി കമ്മിറ്റി പരിശോധിച്ചു അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ നിലവിൽ നിഷ്കർഷിക്കപ്പെടാത്ത ഉത്പന്നങ്ങളുടെ/ |

| | | | |
|---|---|---|---|
| | | | സേവനങ്ങളുടെ കാര്യത്തിൽ, അത്തരം മാനദണ്ഡങ്ങൾ സംസ്ഥാനതല കമ്മിറ്റി നിർദ്ദേശിക്കും. മേൽ പറഞ്ഞ വ്യവസ്ഥകൾ കൂടാതെ, കേരള ബ്രാൻഡിന് അപേക്ഷിക്കുന്ന എല്ലാ യൂണിറ്റുകളും കേരള ബ്രാൻഡിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവ ആയിരിക്കണം. ഇത്തരത്തിൽ ഉള്ള ഒരു സ്വയം-സാക്ഷ്യപത്രം അവർ അപേക്ഷയുടെ കൂടെ സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി ഇത് നേരിട്ട് പരിശോധിച്ചു ഉറപ്പു വരുത്തുകയും ചെയ്യും. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്ക് തല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതാത് ഉൽപ്പന്നത്തിന് സേവനത്തിനു സംസ്ഥാനതല കമ്മിറ്റി നിഷ്കർഷി ക്കുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ